പ്രിസൺ മാനേജ്മെന്റുമായി ബന്ധപ്പെട്ട വിവിധ കാര്യങ്ങൾ വിശദമാക്കിക്കൊണ്ട് 1958-ൽ കേരള പ്രിസൺസ് ചട്ടങ്ങളും നിലവിൽ വന്നിരുന്നു. കാലക്രമേണ, ഈ ചട്ടങ്ങൾ ധാരാളം ഭേദഗതികൾക്കും മാറ്റങ്ങൾക്കും വിധേയമാകുകയും ചെയ്തിരുന്നു. മേൽപ്പറഞ്ഞ നിയമങ്ങളിലേയും ചട്ടങ്ങളിലേയും ചില വ്യവസ്ഥകൾ ആവശ്യമില്ലാത്തതും നിയമപരമായി നടപ്പിലാക്കുവാൻ കഴിയാത്തതുമായിരുന്നു. കുറ്റസ്ഥാപനം നടത്തിയ തടവുകാരെ ശിക്ഷാകാലാവധിയിൽ കസ്റ്റഡിയിൽ സൂക്ഷിക്കുന്നതിനും വിചാരണയിലിരിക്കുന്നതും റിമാൻഡ് ചെയ്തതുമായ തടവുകാരെ സുരക്ഷിതമായി കസ്റ്റഡിയിൽ വയ്ക്കുന്നതിനും വേണ്ടിയായിരുന്നു മേൽപ്പറഞ്ഞ നിയമനിർമ്മാണങ്ങൾ കൊണ്ടുവന്നത്. തടവുകാർക്ക് ശിക്ഷനൽകുന്ന തരത്തിലുള്ളതോ അവരെ കുറ്റങ്ങളിൽ നിന്ന് മേലിൽ പിന്തിരിപ്പിക്കുന്നതിനോ അവരെ കസ്റ്റഡിയിൽ സൂക്ഷിക്കുന്നതിനോ പ്രാമുഖ്യം നൽകുന്ന വ്യവസ്ഥകളായിരുന്നു അതിലധികവും. പിന്നീട് ജയിൽ മാനേജ്മെന്റ് കൂടുതൽ ഊന്നൽ നൽകിയിരുന്നത് കുറ്റവാളികളെ തിരുത്തിനന്നാക്കുന്നതിനും, അവരുടെ സ്വഭാവ ദൂഷ്യങ്ങൾ നീക്കം ചെയ്യുന്നതിനും അവരുടെ ക്ഷേമത്തിനും പുനരധിവാസത്തിനുമായിരുന്നു. തടവുകാർ ജയിലിൽ നിന്ന് സ്വതന്ത്രമാകുമ്പോൾ അവരെ സാക്ഷരരാക്കുന്നതിനും പുതിയ തൊഴിലവസരങ്ങൾ തേടുന്നതിന് അവരെ സജ്ജമാക്കുന്ന തരത്തിൽ അവർക്ക് ഉന്നതവിദ്യാഭ്യാസവും തൊഴിൽപരമായ പരിശീലനവും നൽകുന്നതിന് സർക്കാർ ധാരാളം നടപടികൾ എടുത്തിട്ടുണ്ട്. ജയിലുകളിൽ, സർക്കാർ ധാരാളം ക്ഷേമോന്മുഖമായ നടപടികൾ ഇപ്പോഴും നടപ്പിലാക്കി കൊണ്ടിരിക്കുന്നു. എന്നാൽ ജയിൽഭരണവുമായി ബന്ധപ്പെട്ട സർക്കാരിന്റെ നയപരമായ മാറ്റങ്ങൾക്ക് നിയമപരമായ പിൻബലമില്ല. തടവുകാരെ സുരക്ഷിതമായി കസ്റ്റഡിയിൽ സൂക്ഷിക്കാനും അവരോട് ദയാപരമായി പെരുമാറാനും അവർക്ക് വിദ്യാഭ്യാസവും തൊഴിൽപരമായ പരിശീലനവും നൽകുന്നതിനും ജയിലുകളിൽ ക്ഷേമ പ്രവർത്തനങ്ങൾ ഏർപ്പെടുത്തുവാനും തടവുകാരുടെ സ്വഭാവദൂഷ്യങ്ങൾ ദൂരീകരിക്കുവാനും പുനരധിവാസം ഉറപ്പാക്കുവാനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ടെന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഈ വിഷയത്തിൽ സമഗ്രമായ ഒരു നിയമനിർമ്മാണം ആവശ്യമാണെന്ന് സർക്കാർ കരുതുന്നു.

## ധനകാര്യ മെമ്മോറാണ്ടം

ബില്ലിന്റെ 59-ാം ഖണ്ഡപ്രകാരം എല്ലാ സെൻട്രൻ പ്രിസണുകളിലും തുറന്ന പ്രിസണുകളിലും രോഗികളായ തടവുകാരുടെ പ്രവേശിപ്പിക്കലിനും ചികിത്സക്കുമായി മെഡിക്കൽ ഓഫീസറും പാരാമെഡിക്കൽ ജീവനക്കാരും ഭരണ നിർവ്വഹണം നടത്തുന്ന ഒരു പ്രിസൺ ആശുപത്രി ഉണ്ടായിരിക്കേണ്ടതാണെന്ന് വ്യവസ്ഥചെയ്യുന്നു. മേൽപ്പറഞ്ഞ വ്യവസ്ഥ വഴി നെട്ടുകാൽത്തേരി തുറന്ന പ്രിസണിൽ ഒരു മെഡിക്കൽ ഓഫീസറുടേയും രണ്ട് നേഴ്സിംഗ് അസിസ്റ്റന്റുമാരുടേയും, ചീമേനി തുറന്ന പ്രിസണിൽ രണ്ട് നേഴ്സിംഗ് അസിസ്റ്റന്റുമാരുടേയും തസ്തികകൾ സൃഷ്ടിക്കുന്നതുവഴി പ്രതിവർഷം 7.33 ലക്ഷം രൂപ ആവർത്തന ചെലവായി സർക്കാർ വഹിക്കേണ്ടിവരും.

ബില്ലിന്റെ 63-ാം ഖണ്ഡം, എല്ലാ വനിതാ പ്രിസണുകളിലും, ആറുവയസ്സുവരെ പ്രായമുള്ള കുട്ടികളോടൊപ്പം പ്രിസണിൽ പാർക്കുന്ന കുറ്റസ്ഥാപനം നടത്തപ്പെട്ട

വനിതാ തടവുകാരുടെ കുട്ടികൾക്ക് വേണ്ടി ഒരു നഴ്സറി സ്കൂളും ക്രെഷ് സൗകര്യവും ഉണ്ടായിരിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. ഇപ്പോൾ നിലവിലുള്ള എല്ലാ വനിതാ പ്രിസണുകളിലും മൂന്ന് സെൻട്രൽ പ്രിസണുകളിലും, നഴ്സറി സ്കൂളുകളും, ക്രെഷും സ്ഥാപിക്കുന്നതിനായി പ്രതിവർഷം 10.24 ലക്ഷം രൂപ അനാവർത്തന ചെലവായി സർക്കാർ വഹിക്കേണ്ടിവരും.

ബില്ലിന്റെ 69-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം പ്രകാരം, സർക്കാർ, സംസ്ഥാനത്തെ തടവുകാരുടെ ക്ഷേമത്തിനായി "കേരള തടവുകാരുടെ ക്ഷേമനിധി" എന്ന പേരിൽ ഒരു നിധി രൂപീകരിക്കുവാൻ വ്യവസ്ഥ ചെയ്യുന്നു. പ്രസ്തുത നിധിയുടെ രൂപീകരണവുമായി ബന്ധപ്പെട്ട് അനാവർത്തന ചെലവായി സർക്കാർ പ്രാരംഭവർഷം 100 ലക്ഷം രൂപയും ആവർത്തന ചെലവായി പ്രതിവർഷം 50 ലക്ഷം രൂപയും വഹിക്കേണ്ടിവരും.

മേൽപറഞ്ഞ കാര്യങ്ങൾ കണക്കിലെടുക്കുമ്പോൾ ആദ്യവർഷം സർക്കാർ വഹിക്കേണ്ടതായി വരുന്ന സാമ്പത്തിക ബാദ്ധ്യത 117.57 ലക്ഷം രൂപയാണ്.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

1. ഈ നിയമം പ്രാബല്യത്തിൽ കൊണ്ടുവരുന്നതിനുള്ള തീയതി ഗസറ്റ് വിജ്ഞാപനം വഴി നിശ്ചയിക്കാൻ സർക്കാരിനെ അധികാരപ്പെടുത്തുവാൻ ബില്ലിന്റെ 1-ാം ഖണ്ഡത്തിന്റെ (3)-ാം ഉപഖണ്ഡംകൊണ്ട് ഉദ്ദേശിക്കുന്നു.

2. കേരള സംസ്ഥാനത്തെ എല്ലാ പ്രിസണുകളുടെയും ഭരണ നിർവ്വഹണത്തിനും സംശുദ്ധീകരണ സാന്മാർഗിക സേവനങ്ങൾക്കും വേണ്ടി പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗിക സേവനങ്ങളുടെയും ഒരു ഡയറക്ടർ ജനറലിനെ, വിജ്ഞാപനം വഴി, നിയമിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ബില്ലിലെ 3-ാം ഖണ്ഡത്തിന്റെ (1)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു. പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗിക സേവനങ്ങളുടെയും ഡയറക്ടർ ജനറലിനെ സഹായിക്കുന്നതിന് ഇൻസ്പെക്ടർ ജനറൽമാരെയും ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽമാരെയും അങ്ങനെയുള്ള മറ്റ് ഉദ്യോഗസ്ഥരെയും വിജ്ഞാപനം വഴി നിയമിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ പ്രസ്തുത ഖണ്ഡത്തിന്റെ (2)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു. ഇൻസ്പെക്ടർ ജനറൽമാരുടെയും ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽമാരുടെയും അങ്ങനെയുള്ള മറ്റ് ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും അധികാരങ്ങളും കർത്തവ്യങ്ങളും നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ മുൻപറഞ്ഞ ഖണ്ഡത്തിന്റെ (3)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

3. ഒരു വകുപ്പ് മേധാവിക്ക് വിനിയോഗിക്കാവുന്നതായ ഭരണപരവും ധനപരവും അച്ചടക്കപരവുമായ അധികാരങ്ങൾ പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗിക സേവനങ്ങളുടെയും ഒരു ഡയറക്ടർ ജനറലിന് പ്രത്യേകമായതോ പൊതുവായതോ ആയ ഉത്തരവ് വഴി നൽകുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ബില്ലിലെ 4-ാം ഖണ്ഡത്തിന്റെ (3)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

4. പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗിക സേവനങ്ങളുടെയും ഭരണ നിർവ്വഹണത്തിന്റെയും നടത്തിപ്പിന്റെയും ആവശ്യങ്ങൾക്കായി വിഭജിക്കപ്പെടുന്ന മേഖലകളിൽ ഭരണപരമായ നിയന്ത്രണവും മേൽനോട്ടവും നടത്തേണ്ട ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറലിന്റെ അധികാരങ്ങളും ചുമതലകളും നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ബില്ലിലെ 5-ാം ഖണ്ഡത്തിന്റെ (2)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

5. പ്രിസണിന്റെ പ്രവർത്തനങ്ങൾക്കുവേണ്ടി സൂപ്രണ്ട്, ജോയിന്റ് സൂപ്രണ്ട്, മെഡിക്കൽ ആഫീസർ, വെൽഫയർ ആഫീസർ, മറ്റ് ഉദ്യോഗസ്ഥർ എന്നിവർ വിനിയോഗിക്കണ്ട അധികാരങ്ങളും നിർവ്വഹിക്കേണ്ട ചുമതലകളും നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പടുത്തുവാൻ ബില്ലിലെ 6-ാം ഖണ്ഡത്തിന്റെ (2)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

6. പ്രിസണിൽ തടവുകാർക്ക് മാന്യമായ നിലവാരത്തിലുള്ള ഒരു ജീവിതത്തിനുള്ള ഉപാധികൾ നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ബില്ലിലെ 7-ാം ഖണ്ഡത്തിന്റെ (2)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

7. ആക്ടിന്റെയും അതിൻകീഴിലുണ്ടാക്കപ്പെടുന്ന ചട്ടങ്ങളുടെയും ആവശ്യങ്ങൾക്കായി, വിജ്ഞാപനം വഴി, വിവിധ വിഭാഗങ്ങളിലുള്ള പ്രിസണുകൾ, സ്ഥാപിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ബില്ലിലെ 8-ാം ഖണ്ഡത്തിന്റെ (1)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

8. പ്രിസണിന്റെ നിർമ്മാണ രീതി. സെല്ലുകളെ സംബന്ധിച്ചുള്ള തറ അകലം, അന്തരീക്ഷ ഭാഗം, വെന്റിലേഷൻ, ഉറക്കത്താവളങ്ങൾ, കളിസ്ഥലങ്ങൾ, അടുക്കള, തൊഴിൽ ശാലകൾ, ആശുപത്രികൾ തുടങ്ങിയവയുടെ നിലവാരവും ആവശ്യകതകളും വിജ്ഞാപനം വഴി നിർദ്ദേശിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ബില്ലിലെ 8-ാം ഖണ്ഡത്തിന്റെ (2)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു. ഒരോ പ്രിസണിന്റെയും സുരക്ഷാ നിലവാരം നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ പ്രസ്തുത ഖണ്ഡത്തിന്റെ (3)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

9. പ്രിസണുകളിൽ സൗകര്യപ്രദമായും സുരക്ഷിതമായും പാർപ്പിക്കാൻ കഴിയാത്ത തടവുകാരെ താൽക്കാലിക പ്രിസണുകളിൽ പാർപ്പിക്കേണ്ടതിനുള്ള പാർപ്പിടത്തിന്റെയും സുരക്ഷിതമായ കസ്റ്റഡികളുടെയും രീതികൾ നിർദ്ദേശിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ബില്ലിലെ 9-ാം ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

10. തടവുകാർക്കുള്ള സൗകര്യങ്ങളും സുഖസൗകര്യങ്ങളും നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ബില്ലിലെ 12-ാം ഖണ്ഡം (X)-ാം ഇനം കൊണ്ടുദ്ദേശിക്കുന്നു.

11. ഉദ്യോഗസ്ഥൻമാർ തങ്ങളുടെ പൊതുവായ കർത്തവ്യങ്ങൾ നിർവ്വഹിക്കേണ്ടത് ഏതെല്ലാം വ്യവസ്ഥകൾക്ക് വിധേയമായിട്ടാണ് എന്ന് നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ബില്ലിലെ 13-ാം ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

12. പ്രിസണിലെ ഉദ്യോഗസ്ഥരും ജിവനക്കാരും വിനിയോഗിക്കേണ്ടതോ നിർവ്വഹിക്കേണ്ടതോ ആയ അധികാരങ്ങളും ചുമതലകളും നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ബില്ലിലെ 17-ാം ഖണ്ഡത്തിന്റെ (1)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

13. സൂപ്രണ്ട് സൂക്ഷിക്കേണ്ടതായ രേഖകൾ നിർണ്ണയിക്കുന്നതിനു സർക്കാരിനെ അധികാരപ്പെടുത്തുവാൻ ബില്ലിലെ 20-ാം ഖണ്ഡത്തിന്റെ (7)-ാം ഇനം കൊണ്ടുദ്ദേശിക്കുന്നു.

14. മെഡിക്കൽ ആഫീസർ നിർവ്വഹിക്കേണ്ട കർത്തവ്യങ്ങൾ നിർണ്ണയിക്കാൻ സർക്കാരിനെ അധികാരപ്പെടുത്തുവാൻ ബില്ലിലെ 22-ാം ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

15. പ്രിസണുകളിൽ അച്ചടക്കം നടപ്പിലാക്കുന്ന രീതി നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ബില്ലിലെ 27-ാം ഖണ്ഡത്തിന്റെ (7)-ാം ഉപ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

16. സിവിൽ തടവുകാർ വസ്ത്രവും മറ്റ് ആവശ്യകതകളും സ്വയം പരിപാലിക്കുന്നതിനും അവ സ്വകാര്യ സ്രോതസ്സുകളിലൂടെ നേടുന്നതും ഏതെല്ലാം വ്യവസ്ഥകൾക്ക് വിധേയമായിട്ടാണെന്ന് നിർണ്ണയിക്കാൻ സർക്കാരിനെ അധികാരപ്പെടുത്തുവാൻ ബില്ലിലെ 32-ാം ഖണ്ഡത്തിന്റെ (1)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു. മതിയായ വസ്ത്രവും മറ്റ് ആവശ്യകതകളും സ്വയം ഏർപ്പെടുത്തുവാൻ കഴിയാത്ത സിവിൽ തടവുകാർക്ക് വസ്ത്രവും മറ്റ് ആവശ്യകതകളും നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഈ ഖണ്ഡത്തിന്റെ (2)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

സിവിൽ തടവുകാർക്ക് നൽകേണ്ട ഭക്ഷണവും ആയതിന് വിധേയമാക്കേണ്ട പരിശോധനയും നിബന്ധനകളും നിർണ്ണയിക്കാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നതിന് പ്രസ്തുത ഖണ്ഡത്തിന്റെ (4)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

17. വിചാരണതടവുകാർക്കും ഡെറ്റിന്യൂകൾക്കും, അവർക്കാവശ്യമുള്ള വസ്ത്രവും മറ്റ് ആവശ്യകതകളും അവരോടൊപ്പം കൊണ്ടുവരുന്നതിനോ സ്വകാര്യ സ്രോതസ്സുകളിൽ നിന്ന് നേടുന്നതിനോ ഉള്ള ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നതിന് ബില്ലിലെ 33-ാം ഖണ്ഡത്തിന്റെ (1)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു. മതിയായ വസ്ത്രവും മറ്റ് ആവശ്യകതകളും സ്വയം ഏർപ്പെടുത്താൻ കഴിയാത്ത വിചാരണ തടവുകാർക്കും ഡെറ്റിന്യൂകൾക്കും വസ്ത്രവും മറ്റ് ആവശ്യകതകളും നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നതിന് ഇ ഖണ്ഡത്തിന്റെ (2)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു. വിചാരണ തടവുകാർക്കും ഡെറ്റിന്യൂകൾക്കും ഭക്ഷണം നൽകുന്നതിനുള്ള പരിശോധനയും ആയതിനുള്ള ഉപാധികളും നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നതിന് പ്രസ്തുത ഖണ്ഡത്തിന്റെ (4)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

18. ക്രിമിനൽ തടവുകാർക്ക് ഭക്ഷണവും, വസ്ത്രവും, കിടക്ക വിരിയും മറ്റ് ആവശ്യകതകളും നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നതിന് ബില്ലിലെ 34-ാം ഖണ്ഡത്തിന്റെ (1)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

19. തടവുകാരുടെ അവകാശങ്ങൾ വിനിയോഗിക്കേണ്ടത് ഏതെല്ലാം വ്യവസ്ഥകൾക്ക് വിധേയമായിട്ടാണ് എന്ന് നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നതിന് ബില്ലിലെ 35-ാം ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു. തടവുകാർക്ക് തങ്ങളുടെ കുടുംബാംഗങ്ങളുമായും മറ്റുള്ള ആളുകളുമായും ബന്ധപ്പെടുന്നതിനും ആശയവിനിമയം നടത്തുന്നതിനുമുള്ള രീതികളും ഉപാധികളും നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്താൻ ഈ ഖണ്ഡത്തിലെ (സി) ഇനം കൊണ്ടുദ്ദേശിക്കുന്നു.

തടവുകാരനേർപ്പെടുന്ന തൊഴിലുകളുടെ കാലയളവും വേതനവും നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നതിന് പ്രസ്തുത ഖണ്ഡം (ജെ) ഇനം കൊണ്ടുദ്ദേശിക്കുന്നു.

20. തടവുകാരന്റെ അധിക കർത്തവ്യങ്ങൾ നിർണ്ണയിക്കാൻ സർക്കാരിനെ അധികാരപ്പെടുത്തുവാൻ ബില്ലിലെ 36-ാം ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

21. അപകടകാരികളായ തടവുകാരുടെയും കരുതൽ തടവുകാരുടെയും സുരക്ഷിതമായ കസ്റ്റഡി ഉറപ്പുവരുത്തുന്നതിനായിട്ടുള്ള ശ്രദ്ധയും ജാഗ്രതയും വിജ്ഞാപനം വഴി വിനിർദ്ദേശിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ബില്ലിലെ 45-ാം ഖണ്ഡത്തിന്റെ (2)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

22. ഓരോ തടവുകാരനും ബന്ധുക്കളുമായും അഭിഭാഷകരുമായും കൂടിക്കാഴ്ച കൾക്കും ആശയ വിനിമയത്തിനും കത്തുകളെഴുതുന്നതിനുമുള്ള രീതികളും ഇടവേള കളും നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ബില്ലിലെ 46-ാം ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

23. തടവുകാരുടെ സന്ദർശകരുടെ ദേഹപരിശോധന നടത്തുമ്പോൾ ഏതെങ്കിലും നിരോധിത വസ്തു കണ്ടെത്തുകയാണെങ്കിൽ സൂപ്രണ്ട് ആരംഭിക്കേണ്ട നടപടി നിർണ്ണ യിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ബില്ലിലെ 47-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു. ദേഹപരിശോധന നടത്തുവാൻ വിസമ്മതിക്കുന്ന സന്ദർശകരുടെ നിഷേധത്തിന്റെ കാരണങ്ങൾ രേഖപ്പെടുത്തേണ്ടുന്ന റിക്കാർഡുകളും രേഖപ്പെടുത്തേണ്ട രീതിയും നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്ന തിന് പ്രസ്തുത ഖണ്ഡം (2)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

24. വിദേശ തടവുകാർക്ക് ഇന്റർനെറ്റ് ഉപയോഗിക്കുന്നതിനും ഇന്ത്യയിലുള്ള അവരുടെ നയതന്ത്ര കാര്യാലയങ്ങളുമായി സമ്പർക്കം പുലർത്തുന്നതിനുള്ള രീതിയും ഉപാധികളും നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ബില്ലിലെ 48-ാം ഖണ്ഡത്തിന്റെ (1)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

25. ഓരോ പ്രിസണിലെയും ഔദ്യോഗികവും അനൗദ്യോഗികവുമായ സന്ദർശക രുടെ ഒരു പാനൽ, വിജ്ഞാപനം വഴി, വിനിർദ്ദേശിക്കുന്നതിന് സർക്കാരിനെ അധികാ രപ്പെടുത്തുന്നതിനും പ്രസ്തുത വിജ്ഞാപനത്തിൽ പ്രിസൺ സന്ദർശനത്തിന്റെ ആവർത്തിയും കാലയളവും വിനിർദ്ദേശിക്കുന്നതിനും സർക്കാരിനെ അധികാരപ്പെടുത്തു ന്നതിന് ബില്ലിലെ 49-ാം ഖണ്ഡത്തിന്റെ (1) -ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു. സന്ദർശകരുടെ അവകാശങ്ങളും കർത്തവ്യങ്ങളും നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നതിന് പ്രസ്തുത ഖണ്ഡത്തിന്റെ (2)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശി ക്കുന്നു.

26. തടവുകാർക്ക് നൽകേണ്ടതായ തൊഴിലധിഷ്ഠിത പരിശീലനത്തിന്റെ ഇനം നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നതിന് ബില്ലിലെ 50-ാം ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

27. വെറും തടവിന് ശിക്ഷിക്കപ്പെട്ട എല്ലാ ക്രിമിനൽ തടവുകാർക്കും നൽകേണ്ട തായ ജോലിയുടെ ഇനം നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നതിന് ബില്ലിലെ 52-ാം ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

28. റിമാൻഡ് ചെയ്യപ്പെട്ട എല്ലാ തടവുകാർക്കും വിചാരണ തടവുകാർക്കും നൽകേണ്ടതായ ജോലിയുടെ ഇനം നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നതിന് ബില്ലിലെ 53-ാം ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

29. പ്രിസൺ ചെലവിൽ സിവിൽ തടവുകാരൻ നേടിയ സമ്പാദ്യത്തിൽ നിന്നും വരുത്തേണ്ടതായ കിഴിവുകൾ നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നതിന് ബില്ലിലെ 54-ാം ഖണ്ഡത്തിന്റെ (2)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

30. തടവുകാരുടെ വേതന നിരക്കും അവർ സമ്പാദിച്ച വേതനത്തിന്റെ വിനിയോഗത്തിന്റെ അളവും രീതിയും നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നതിന് ബില്ലിലെ 55-ാം ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു

31. പ്രിസണുകളിലെ പൊതുവായ ശുചിത്വവും ശുചീകരണവും തടവുകാരുടെ വ്യക്തി ശുചിത്വവും ഉറപ്പുവരുത്തുന്നതിനുള്ള മാനദണ്ഡങ്ങൾ നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നതിന് ബില്ലിലെ 56-ാം ഖണ്ഡത്തിന്റെ (1)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

32. തടവുകാരനെ സംബന്ധിച്ച് മെഡിക്കൽ ആഫീസറോ മെഡിക്കൽ സബോർഡിനേറ്റോ നൽകുന്ന നിർദ്ദേശങ്ങൾ രേഖപ്പെടുത്തുന്നതിനുള്ള റിക്കാർഡുകൾ നിർദ്ദേശിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നതിന് ബില്ലിലെ 58-ാം ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

33. അർഹതയുള്ള തടവുകാർക്ക് വിദ്യാഭ്യാസം പ്രദാനം ചെയ്യുന്നതിന് മതിയായ സൗകര്യങ്ങൾ ഉണ്ടായിരിക്കേണ്ട പ്രിസണുകളുടെ വിഭാഗങ്ങൾ നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നതിന് ബില്ലിലെ 61-ാം ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

34. പ്രിസൺ അന്തേവാസികൾക്ക് പ്രൈമറി തലം വരെയുള്ള വിദ്യാഭ്യാസം നൽകുന്നതിലേക്കായുള്ള സ്കൂളുകൾ, സെൻട്രൽ പ്രിസണുകളിൽ കൂടാതെ മറ്റേതെല്ലാം പ്രിസണുകളിൽ ഉണ്ടായിരിക്കണമെന്ന് നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നതിന് ബില്ലിലെ 62-ാം ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

35. പ്രിസണിൽ മൂന്നുവർഷത്തിൽ കൂടുതൽ തടവിന് ശിക്ഷിക്കപ്പെട്ട തടവുകാരുടെ ഗുണത്തിനായി പരിപാടികൾ സംഘടിപ്പിക്കുന്ന രീതി നിർണ്ണയിക്കുന്നതിനും പരിപാടികൾ നടത്തേണ്ട പ്രിസണുകളുടെ വിഭാഗങ്ങൾ നിർദ്ദേശിക്കുന്നതിനും സർക്കാരിനെ അധികാരപ്പെടുത്തുന്നതിന് ബില്ലിലെ 66-ാം ഖണ്ഡത്തിന്റെ (2)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

36. തടവുകാരെ പ്രിസണിൽ നിന്നും മോചിപ്പിക്കുന്നതിനു മുമ്പായി അവരുടെ ധനപരവും സാമൂഹികവുമായ പുനരധിവാസത്തിനു വേണ്ടിയുള്ള സഹായം നൽകുന്നതിനുള്ള മാനദണ്ഡങ്ങളും പണം നൽകുന്നതിന്റെ രീതിയും നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്താൻ ബില്ലിലെ 68-ാം ഖണ്ഡത്തിന്റെ (2)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

37. അനധികൃതമോ നിയമവിരുദ്ധമോ നിയമാനുസൃതമല്ലാത്തതോ ആയ പ്രവർത്തികൾ നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ 80-ാം ഖണ്ഡത്തിന്റെ 40-ാം ഇനം കൊണ്ടുദ്ദേശിക്കുന്നു.

38. വിജ്ഞാപനം വഴി, ഈ ആക്റ്റിൻകീഴിൽ സംസ്ഥാനത്തെ തടവുകാരുടെ ക്ഷേമത്തിനായി "കേരള തടവുകാരുടെ ക്ഷേമനിധി പദ്ധതി" എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നതിന് ബില്ലിലെ 69-ാം ഖണ്ഡത്തിന്റെ (1)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

39. ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കപ്പെട്ട പദ്ധതിയിൽ കൂട്ടിച്ചേർക്കുകയോ ഭേദഗതി വരുത്തുകയോ വ്യത്യാസപ്പെടുത്തുകയോ ചെയ്തുകൊണ്ട് മുൻകാല പ്രാബല്യത്തോടെയോ പിൽക്കാല പ്രാബല്യത്തോടെയോ വിജ്ഞാപനം പുറപ്പെടുവിക്കാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നതിന് ബില്ലിലെ 70-ാം ഖണ്ഡത്തിന്റെ (1)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

40. ശിക്ഷിക്കപ്പെട്ട തടവുകാർക്ക് ഇളവനുവദിക്കുന്നത് എപ്രകാരം എന്ന് നിർണ്ണയിക്കുന്നതിനും അത് തീരുമാനിക്കുന്നതിനുള്ള ഇളവുചെയ്യൽ സമിതിയിൽ സൂപ്രണ്ടിനെ കൂടതെയുള്ള മറ്റ് ഏതൊക്കെ ഉദ്യോഗസ്ഥർ ഉണ്ടായിരിക്കണമെന്നും നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നതിൽ ബില്ലിന്റെ 71-ാം ഖണ്ഡത്തിന്റെ ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു. 71-ാം ഖണ്ഡത്തിന്റെ (1)-ാം ഉപഖണ്ഡപ്രകാരമുള്ള ഇളവുചെയ്യലിന്റെ ഇനവും ഇളവ് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങളും നിർണ്ണയിക്കുന്നതിന് പ്രസ്തുത ഖണ്ഡത്തിന്റെ (2)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

41. ഏതൊരു തടവുകാരനെയും പരോളിൽ വിട്ടയക്കുന്നതിനുള്ള വ്യവസ്ഥകൾ നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നതിന് ബില്ലിലെ 72-ാം ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

42. പരോളിൻമേൽ സർക്കാർ വിട്ടയക്കപ്പെട്ട തടവുകാർ, പരോളിന് ആധാരമായ ഉപാധികൾ പാലിക്കാതിരുന്നാൽ പ്രസ്തുത പരോൾ അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് റദ്ദാക്കാൻ സർക്കാരിനെ അധികാരപ്പെടുത്താൻ ബില്ലിലെ 75-ാം ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

43. കാലാവധി തികയുന്നതിനുമുമ്പ്, തടവുകാരെ സ്വമേധയാ മോചിപ്പിക്കുന്നതിനും ആയതിന് ശുപാർശ ചെയ്യേണ്ട അധികാരസ്ഥാനം നിർണ്ണയിക്കുന്നതിനും സർക്കാരിനെ അധികാരപ്പെടുത്തുവാൻ ബില്ലിലെ 76-ാം ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

44. തടവുകാർക്ക് അവധി അനുവദിക്കുന്നതിന്റെ രീതിയും ഉപാധികളും നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്താൻ ബില്ലിലെ 77-ാം ഖണ്ഡത്തിന്റെ (1)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു. അങ്ങനെയുള്ള അവധികളുടെ തരവും അതുമായി ബന്ധപ്പെട്ട സംഗതികളും നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ പ്രസ്തുത ഖണ്ഡത്തിന്റെ (3)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

45. മതിയായ അവധിക്ക് അർഹതയില്ലാത്ത തടവുകാർക്ക് അകമ്പടിയോടെ ബന്ധുക്കൾ മുതലായവരെ സന്ദർശിക്കുന്നതിനു അനുവദിക്കാവുന്ന സാഹചര്യങ്ങൾ നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്താൻ ബില്ലിലെ 78-ാം ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

46. തടവുകാരിൽ നിന്നും പരാതികളോ നിവേദനങ്ങളോ സ്വീകരിക്കുന്നതിന് പ്രിസണുകളിൽ രൂപീകരിക്കേണ്ട പരാതി പരിഹാര സമിതികളുടെ രീതി നിർണ്ണയിക്കുന്ന

തിന് സർക്കാരിനെ അധികാരപ്പെടുത്താൻ ബില്ലിലെ 79-ാം ഖണ്ഡത്തിന്റെ (1)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു. പരാതി പരിഹാര സമിതികൾ അനുവർത്തിക്കേണ്ട നടപടി ക്രമങ്ങൾ നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്താൻ പ്രസ്തുത ഖണ്ഡത്തിന്റെ (2)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

47. പ്രിസൺ കുറ്റങ്ങളായി പ്രഖ്യാപിക്കാവുന്ന, അനധികൃതമോ നിയമവിരുദ്ധമോ നിയമാനുസൃതമല്ലാത്തതോ ആയ പ്രവർത്തികൾ ഏതെല്ലാമെന്ന് നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നതിന് ബില്ലിലെ 80-ാം ഖണ്ഡം (40)-ാം ഇനം കൊണ്ടുദ്ദേശിക്കുന്നു.

48. പ്രിസൺ കുറ്റം ചെയ്തതിനുള്ള ശിക്ഷയായി കൂടുതൽ അസഹ്യമായതോ കഠിനമോ ആയ രീതിയിലുള്ള തൊഴിൽ മാറ്റത്തിന്റെ കാലയളവ് നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നതിന് ബില്ലിലെ 81-ാം ഖണ്ഡം (1)-ാം ഉപഖണ്ഡത്തിന്റെ (ബി) ഇനം കൊണ്ടുദ്ദേശിക്കുന്നു. പ്രിസൺ കുറ്റം ചെയ്യുന്നതിനുള്ള ശിക്ഷയായി മൂന്നുമാസക്കാലം വരെ വേർതിരിച്ചുള്ള തടവ് ചുമത്തുന്നതിനുള്ള ഉപാധികൾ നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നതിന് പ്രസ്തുത ഖണ്ഡത്തിലെ (1)-ാം ഉപഖണ്ഡത്തിന്റെ (എച്ച്) ഇനം കൊണ്ടുദ്ദേശിക്കുന്നു.

49. 82-ാം ഖണ്ഡത്തിന്റെ (1)-ാം ഉപഖണ്ഡത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി സൂപ്രണ്ടോ ഇതിലേക്കായി അദ്ദേഹം പ്രാധികാരം ചെയ്യുന്ന ഒരു ഉദ്യോഗസ്ഥനോ അന്വേഷണം നടത്തുന്നതിനും, അന്വേഷണം നിലവിലുള്ള തടവുകാരെ വേർതിരിച്ചു പാർപ്പിക്കുന്നതിനും പരിക്കുകളുണ്ടാകുന്ന സംഗതിയിൽ, വൈദ്യ പരിശോധനയ്ക്കും അതുമായി ബന്ധപ്പെട്ട മറ്റു കാര്യങ്ങൾക്കും വേണ്ടിയുള്ള നടപടിക്രമം നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നതിന് ബില്ലിലെ 82-ാം ഖണ്ഡം (2)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

50. 90-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം പ്രകാരം രൂപീകരിക്കപ്പെട്ട സമിതിയുടെ യോഗ സമയവും സ്ഥലവും അതിന്റെ കാര്യങ്ങളുടെ നടത്തിപ്പിന് തുടരേണ്ട നടപടിക്രമങ്ങളും നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നതിന് ബില്ലിലെ 90-ാം ഖണ്ഡത്തിന്റെ (2)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

51. തടവുകാർക്ക് സൗജന്യ നിയമ സഹായം നൽകുന്നത് നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നതിന് ബില്ലിലെ 92-ാം ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

52. പ്രിസണിലെ കണക്കുകൾ സൂക്ഷിക്കേണ്ടതിനും ആഡിറ്റ് ചെയ്യുന്നതിനുമുള്ള രീതി നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നതിന് ബില്ലിലെ 94-ാം ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

53. ഈ ആക്ടിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിൽ ഏതെങ്കിലും വൈഷമ്യം നീക്കുന്ന ആവശ്യത്തിലേക്ക് ആക്ടിലെ വ്യവസ്ഥകൾക്കോ അതിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങൾക്കോ വിരുദ്ധമല്ലാത്ത വ്യവസ്ഥകൾ ഉണ്ടാക്കാൻ വിജ്ഞാപനംവഴി ഉത്തരവിറക്കാൻ സർക്കാരിനെ അധികാരപ്പെടുത്തുവാൻ ബില്ലിലെ 97-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

## ഖണ്ഡങ്ങളിന്മേലുള്ള കുറിപ്പുകൾ

ഖണ്ഡം 2.—ഈ ബില്ലിൽ ഉപയോഗിച്ചിട്ടുള്ള ചില വാക്കുകളും പദപ്രയോഗങ്ങളും നിർവ്വചിക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 3.—കേരള സംസ്ഥാനത്തെ എല്ലാ പ്രിസണുകളുടെയും ഭരണ നിർവ്വഹണത്തിനും നടത്തിപ്പിനും സംശുദ്ധീകരണ സാന്മാർഗ്ഗിക സേവനങ്ങൾക്കും വേണ്ടി പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗിക സേവനങ്ങളുടെയും ഒരു ഡയറക്ടർ ജനറലിനെയും ഇൻസ്പെക്ടർ ജനറൽമാരെയും ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽമാരെയും അങ്ങനെയുള്ള മറ്റ് ഉദ്യോഗസ്ഥരെയും ജീവനക്കാരെയും വിജ്ഞാപനംവഴി നിയമിക്കുന്നതിനും പ്രസ്തുത ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും അധികാരങ്ങൾ വിനിയോഗിക്കുന്നതിനും കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിനും ആവശ്യമായ ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് സർക്കാരിന് അധികാരം നൽകുന്നതിനുദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 4.—പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗിക സേവനങ്ങളുടെയും ഡയറക്ടർ ജനറലിന്റെ അംഗീകാരങ്ങളും ചുമതലകളും സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 5.—പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗിക സേവനങ്ങളുടെയും ഭരണ നിർവ്വഹണത്തിന്റെയും നടത്തിപ്പിന്റെയും ആവശ്യങ്ങൾക്കായി സംസ്ഥാനത്തെ മേഖലകളായി വിഭജിക്കുന്നതിനും ഓരോ മേഖലയും ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറലിന്റെ ഭരണപരമായ നിയന്ത്രണത്തിലും മേൽനോട്ടത്തിലുമായിരിക്കേണ്ടതിന് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതുമാണ് ഈ ഖണ്ഡം.

ഖണ്ഡം 6.—പ്രിസണിന്റെ പ്രവർത്തനത്തിനുവേണ്ടി വിനിർദ്ദേശിക്കപ്പെടുന്ന പ്രകാരം ഉദ്യോഗസ്ഥരും മിനിസ്റ്റീരിയൽ ജീവനക്കാരും ഉണ്ടായിരിക്കേണ്ടതാണെന്നും അപ്രകാരമുള്ള ഉദ്യോഗസ്ഥർ നിർണ്ണയിക്കപ്പെടാവുന്ന അംഗീകാരങ്ങൾ വിനിയോഗിക്കേണ്ടതാണെന്നു വ്യവസ്ഥ ചെയ്യുന്നതിനുദ്ദേശികൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 7.—പ്രിസണിൽ തടവുകാർക്ക് താമസ സൗകര്യം ക്രമീകരിക്കുന്നതിനും അവർക്ക് മാന്യമായ നിലവാരത്തിലുള്ള ജീവിതവും വ്യവസ്ഥ ചെയ്യുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 8.—ആക്റ്റിന്റെയും അതിൻകീഴിലുണ്ടാക്കപ്പെടുന്ന ചട്ടങ്ങളുടെയും ആവശ്യങ്ങൾക്കായി വിവിധ വിഭാഗങ്ങളിലുള്ള പ്രിസണുകൾ സ്ഥാപിക്കുന്നതിനും പ്രിസണിന്റെ സുരക്ഷാ നിലവാരം പ്രിസണിനകത്തെ സൗകര്യങ്ങളുടെ നിലവാരം എന്നിവ നിർണ്ണയിക്കുന്നതിനും സർക്കാരിനെ അധികാരപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 9.—പ്രിസണുകളിൽ തടവുകാരുടെ എണ്ണക്കൂടുതൽ കൊണ്ടോ പ്രകൃതി ദുരന്തം, പ്രിസണിനകത്ത് സാംക്രമികരോഗങ്ങൾ പൊട്ടിപുറപ്പെടൽ തുടങ്ങിയ കാരണങ്ങളാലോ സൗകര്യപ്രദമായും സുരക്ഷിതമായും പാർപ്പിക്കാൻ കഴിയാത്ത തടവുകാരെ താൽക്കാലിക പ്രിസണുകളിൽ പാർപ്പിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 10.—പ്രിസണിന്റെ സുരക്ഷയ്ക്ക് ഭീതിയാകുംവിധം ഒരു അടിയന്തിര സാഹചര്യമുണ്ടായതായോ പ്രിസണിലെ അവശ്യ സർവ്വീസുകളുടെ സംരക്ഷണത്തിനു മറ്റു വകുപ്പുകളുടെ സഹായമാവശ്യമാണെന്നോ ഡയറക്ടർ ജനറലിന് ബോദ്ധ്യമാകുന്ന പക്ഷം അദ്ദേഹത്തിനു മറ്റു വകുപ്പുകളുടെ സഹായം അഭ്യർത്ഥിക്കുന്നതിനും മറ്റു വകുപ്പുകളിലെ ഉദ്യോഗസ്ഥർ, ആവശ്യപ്പെട്ട സഹായം നൽകുന്നതിനു ബാദ്ധ്യസ്ഥരാണെന്നും വ്യവസ്ഥ ചെയ്യുന്നതിനുദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 11.—പ്രിസണിലെ ഉദ്യോഗസ്ഥർക്കും വാർഡർ ജീവനക്കാർക്കും അടിസ്ഥാന പരിശീലനം നൽകുന്നതിനും റിഫ്രെഷറും റീ ഒറിയന്റേഷൻ കോഴ്സുകളും നടത്തുന്നതിനുമായി ഒരു സംശുദ്ധീകരണ സാന്മാർഗ്ഗീകരണ ഭരണ നിർവ്വഹണ സംസ്ഥാന ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനും അതിലെ ജീവനക്കാരെ സംബന്ധിച്ചും അതിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും വ്യവസ്ഥ ചെയ്യുന്നതിനും ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 12.—പ്രിസണിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് വ്യവസ്ഥ ചെയ്യുന്നതിനുദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 13.—പ്രിസണിലെ ഉദ്യോഗസ്ഥരുടെ പൊതുവായ ചുമതലകൾ ഏതെല്ലാം ആയിരിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നതിനുദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 14.— പ്രിസണിലെ ഏതൊരു ഉദ്യോഗസ്ഥനോ അയാളുടെ വിശ്വസ്തനോ അയാളാൽ നിയോഗിക്കപ്പെട്ടയാളോ ഏതെങ്കിലും തടവുകാരുമായോ അയാളുടെ അടുത്ത ബന്ധുക്കളുമായോ അടുത്ത സുഹൃത്തുക്കളുമായോ യാതൊരുവിധത്തിലുള്ള കച്ചവട ഇടപാടുകളോ പണമിടപാടുകളോ നേരിട്ടോ അല്ലാതെയോ അവരിൽ നിന്നോ ബന്ധുക്കളിൽ നിന്നോ പണം കൈപ്പറ്റാനോ പാടില്ലെന്ന് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 15.—പ്രിസണിലെ ഏതൊരു ഉദ്യോഗസ്ഥനും ഒരു തടവുകാരനിൽ നിന്നോ അയാളുടെ ബന്ധുകളിൽ നിന്നോ തടവുകാരുമായോ, പ്രിസൺ ഭരണവുമായോ ഏതെങ്കിലും ഇടപാടുള്ള ആളുകളിൽ നിന്നോ ഏതെങ്കിലും പാരിതോഷികം സ്വീകരിക്കുവാൻ പാടുള്ളതല്ല എന്ന് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 16.— പ്രിസൺ ഉദ്യോഗസ്ഥർക്ക് പ്രിസണിലേക്ക് ഭക്ഷണ സാധനങ്ങളോ മറ്റേതെങ്കിലും സാധനങ്ങളോ വിതരണം ചെയ്യുന്നതിനുള്ള കരാറുകളിൽ താൽപ്പര്യമുണ്ടാകാൻ പാടില്ലെന്നും പ്രിസണിൽ നിന്നോ ഒരു തടവുകാരന്റെ വകയായ ഏതെങ്കിലും സാധനത്തിന്റെ വിൽപ്പനയിൽ നിന്നോ വാങ്ങലിൽ നിന്നോ എന്തെങ്കിലും നേട്ടം പ്രത്യക്ഷമായോ പരോക്ഷമായോ ഉണ്ടാക്കുവാൻ പാടില്ലെന്നും വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 17.—പ്രിസണുകളുടെ ഭരണപരമായ നിയന്ത്രണവും പ്രിസണുകളിലെ സൂപ്രണ്ടിന്റെയും മറ്റ് ഉദ്യോഗസ്ഥരുടെയും അധികാരങ്ങളും കർത്തവ്യങ്ങളും എപ്രകാരമാണെന്നും വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 18.—പ്രിസൺ സൂപ്രണ്ടിന്റെ ചുമതലകളും കർത്തവ്യങ്ങളും എന്തായിരിക്കണമെന്നും ആയത് എങ്ങനെ വിനിയോഗിക്കണമെന്നും വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 19.—പ്രിസൺ സൂപ്രണ്ട് മറ്റെവിടെയെങ്കിലും താമസിക്കുന്നതിന് ഡയറക്ടർ ജനറൽ രേഖാമൂലം അനുവാദം നൽകാത്തപക്ഷം, പ്രിസണിൽ താമസിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം

ഖണ്ഡം 20.—സൂപ്രണ്ട് സൂക്ഷിക്കേണ്ട രേഖകളെക്കുറിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 21.—പ്രിസണിലെ പ്രവർത്തനങ്ങൾക്ക് തടവുകാരുടെ സേവനം ഉപയോഗിക്കാവുന്നതാണെന്നും പ്രിസണിലെ ഉദ്യോഗസ്ഥരായി നിയമിക്കപ്പെട്ട തടവുകാരെ 1960-ലെ ഇൻഡ്യൻ ശിക്ഷാ നിയമ സംഹിതയുടെ അർത്ഥവ്യാപ്തിക്കുള്ളിൽ വരുന്ന പബ്ലിക് സർവെന്റ് ആയി കരുതപ്പെടേണ്ടതാണെന്നും വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 22.—മെഡിക്കൽ ആഫീസറുടെ കർത്തവ്യങ്ങളെക്കുറിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 23.—പ്രിസണിന്റെ ചാർജ്ജ് വഹിക്കുന്ന സൂപ്രണ്ടിന് പ്രിസണിന്റെ ചാർജ്ജ് വഹിക്കുന്ന മെഡിക്കൽ ആഫീസറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ തടവുകാരുടെ ശാരീരികവും മാനസികവുമായ അവസ്ഥകളെക്കുറിച്ചും തടവുകാരനുഭവിക്കുന്ന ശിക്ഷയോ വിധേയമാക്കപ്പെടുന്ന അച്ചടക്കമോ പെരുമാറ്റമോ അയാളുടെ ശാരീരിക, മാനസികാവസ്ഥകളെ ബാധിക്കുന്ന ചില സംഗതികളിലും ഡയറക്ടർ ജനറലിന് റിപ്പോർട്ട് നൽകേണ്ടതിനെക്കുറിച്ചും അതിനോടൊപ്പം നൽകേണ്ട സംഗതികളും എന്തെല്ലാമെന്നും അങ്ങനെ റിപ്പോർട്ടു നൽകുമ്പോൾ ഡയറക്ടർ ജനറൽ സ്വീകരിക്കേണ്ട നടപടിയെക്കുറിച്ചും വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 24.—മെഡിക്കൽ ഓഫീസർ, ഏതെങ്കിലും തടവുകാരന് ഏത് മരുന്നാണ് അയാൾക്ക് നൽകുന്നതെന്നറിയിക്കാതെ യാതൊരു മരുന്നും അയാൾക്ക് നൽകുവാൻ പാടുള്ളതല്ലെന്ന് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 25.—ഏതെങ്കിലും തടവുകാരൻ മരണപ്പെട്ടാൽ, ചാർജ്ജ് വഹിക്കുന്ന മെഡിക്കൽ ഓഫീസർ ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ട വിവരങ്ങൾ ഏതൊക്കെയായിരിക്കണമെന്നും അദ്ദേഹം സമർപ്പിച്ച മരണത്തിന്റെ റിപ്പോർട്ട് പ്രിസൺ സൂപ്രണ്ട് മുഖേന ഡയറക്ടർ ജനറലിനയച്ചുകൊടുക്കണമെന്നും വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 26.—സൂപ്രണ്ടിന്റെ അനുവാദമില്ലാതെ, സൂപ്രണ്ടിനു കീഴിലുള്ള ഉദ്യോഗസ്ഥർ പ്രിസണിൽ ഹാജരാകാതിരിക്കാൻ പാടുള്ളതല്ലെന്ന് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 27.—സൂപ്രണ്ടും മറ്റുദ്യോഗസ്ഥരും പ്രിസണിലെയും തടവുകാരുടെയും ജീവനക്കാരുടെയും അച്ചടക്കം കാത്തു സൂക്ഷിക്കുന്നതിന് ഉത്തരവാദിയായിരിക്കണമെന്നും

പ്രിസണിലെ അച്ചടക്കം കാത്തുസൂക്ഷിക്കുന്നതിലേക്കായി സൂപ്രണ്ട് ചെയർമാനായ ഒരു സമിതി ഉണ്ടായിരിക്കേണ്ടതാണെന്നും പ്രിസണിൽ അച്ചടക്കം കാത്തുസൂക്ഷിക്കേണ്ട അച്ചടക്ക ഉദ്യോഗസ്ഥൻ നിർവ്വഹിക്കേണ്ട ചുമതലകളെക്കുറിച്ചും വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 28.—ആക്റ്റിലെയും അതിൻകീഴിലുണ്ടാക്കപ്പെട്ട ചട്ടങ്ങളിലെയും വ്യവസ്ഥകൾക്കനുസൃതമായി സൂപ്രണ്ട് പ്രിസണിലെ അച്ചടക്കം കാത്തു സൂക്ഷിക്കേണ്ട താണെന്ന് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 29.—പ്രിസണിൽ ഒരാളെ തടങ്കലിനായി പ്രവേശിപ്പിക്കുന്നതിന് ആധാര മായ രേഖകൾ എന്തെന്നും ഒരു പ്രിസണിൽ തടങ്കലിനായി സ്വീകരിക്കപ്പെടുന്ന ഓരോ ആളുകളുടെയും ദേഹപരിശോധന നടത്തേണ്ടതാണെന്നും പ്രിസണിനകത്ത് ഒരു ക്രിമി നൽ തടവുകാരൻ കൊണ്ടുവന്നതായ പണമോ മറ്റ് വിലപിടിപ്പുള്ള സാധനങ്ങളുടെയും കസ്റ്റഡിയിൽ വെക്കൽ, തടവുകാരന്റെ ശാരീരിക അളവുകൾ എടുക്കൽ, തടവുകാരന്റെ രക്തഗ്രൂപ്പ് ഉൾപ്പെടെയുള്ള വിവരങ്ങൾ ശേഖരിക്കൽ, മെഡിക്കൽ ഓഫീസറുടെ പരിശോ ധനയിൽ സാംക്രമിക രോഗത്താലോ മാനസികരോഗത്താലോ മയക്കുമരുന്നിനടിമപ്പെട്ടോ ഗുരുതരമായ അസുഖത്താലോ മറ്റോ കഷ്ടപ്പെടുകയാണെന്നു കാണുന്ന തടവുകാരനെ സർക്കാർ ആസ്പത്രിയിലേക്കോ മാനസികാരോഗ്യ കേന്ദ്രത്തിലേക്കോ റഫർ ചെയ്യൽ തുടങ്ങിയ സംഗതികളെക്കുറിച്ചും വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 30.—തടവുകാരെ ഒരു പ്രിസണിൽ നിന്നും മറ്റൊരു പ്രിസണിലേക്ക് നീക്കം ചെയ്യുന്നതിനു മുമ്പായോ തടവുകാരനെ വിടുതൽ ചെയ്യുമ്പോഴോ പാലിക്കേണ്ട നിബന്ധനകളെക്കുറിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 31.—ഒരു കോടതി വിട്ടയയ്ക്കാൻ ഉത്തരവായതും എന്നാൽ മറ്റൊരു കോട തിയിൽ നിന്നുള്ള ഹാജരാക്കൽ വാറണ്ട് നിലനിൽക്കുകയും ചെയ്യുന്ന സംഗതിയിൽ ഒരു ക്രിമിനൽ തടവുകാരനെ വീണ്ടും തടങ്കലിൽ വയ്ക്കുന്നത് സംബന്ധിച്ച് ആ ജില്ലയിലെ ചീഫ് ജുഡീഷ്യൽ മജിസ്ട്രേട്ടിൽ നിന്നും സൂപ്രണ്ട് ഉത്തരവ് നേടേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 32.—സിവിൽ തടവുകാർക്ക് വസ്ത്രവും മറ്റ് ആവശ്യകതകളും സ്വകാര്യ സ്രോതസ്സുകളിലൂടെ നേടുന്നതിന് അനുവദിക്കുന്നതിനും പ്രിസൺ വകുപ്പിന് വിധിയുടമ നൽകേണ്ടതായ ഉപജീവനബത്ത വർദ്ധിപ്പിക്കുന്നതിനും അപ്രകാരമുള്ള വിശേഷാധികാരം നഷ്ടമാകുന്ന സാഹചര്യങ്ങളെക്കുറിച്ചും സിവിൽ തടവുകാർക്ക് ഭക്ഷണം നൽകുന്നതി നെക്കുറിച്ചും വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 33.—വിചാരണ തടവുകാർക്കും ഡെറ്റിന്യൂകൾക്കും ആവശ്യമായ വസ്ത്രവും ഭക്ഷണവും മറ്റാവശ്യകതകളും ലഭ്യമാക്കുന്നത് സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 34.—ക്രിമിനൽ തടവുകാരുടെ ഭക്ഷണവും വസ്ത്രവും കിടക്കവിരിയും മറ്റ് ആവശ്യകതകളും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം സൂപ്രണ്ട് നൽകേണ്ടതാണെന്നും ആയതിന് അവരിൽനിന്നും പണമീടാക്കുവാൻ പാടില്ലായെന്നും വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 35.—തടവുകാരുടെ അവകാശങ്ങളെ സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 36.—തടവുകാരുടെ കർത്തവ്യങ്ങൾ സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 37.—സെൻട്രൽ പ്രിസണിലെയും വനിതാ പ്രിസണിലെയും തടവുകാരെ സൂപ്രണ്ടും ജോയിന്റ് സൂപ്രണ്ടും വെൽഫയർ ആഫീസറും മെഡിക്കൽ ആഫീസറും ഉൾപ്പെടുന്ന സമിതി, തരം തിരിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചു കൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 38.—37-ാം ഖണ്ഡപ്രകാരം വിവിധ വിഭാഗങ്ങളിലായി തരംതിരിച്ചിട്ടുള്ള തടവുകാരെ എപ്രകാരം വേർതിരിച്ചു പാർപ്പിക്കണമെന്നും അവർക്ക് അനുവദിക്കേണ്ടതായ അവകാശങ്ങളെ സംബന്ധിച്ചും വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 39.—37-ാം ഖണ്ഡത്തിലെ ആവശ്യങ്ങൾക്കു വിധേയമായി, കുറ്റം സ്ഥാപിക്കപ്പെട്ട തടവുകാരെ സെല്ലുകളിൽ കൂട്ടമായോ ഒറ്റയ്ക്കോ അല്ലെങ്കിൽ ഭാഗികമായി ഒരു വിധത്തിലോ ഭാഗികമായി മറ്റൊരു വിധത്തിലോ തടങ്കലിൽ വയ്ക്കാവുന്നതാണെന്ന് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 40.—ഏകാന്ത തടവിനായി എപ്രകാരമുള്ള സെല്ല് ഉപയോഗിക്കണമെന്നും ഏകാന്ത സെല്ലിൽ 24 മണിക്കൂറിൽ കൂടുതൽ തടങ്കലിൽ വച്ചിട്ടുള്ള തടവുകാരനെ മെഡിക്കൽ ആഫീസറോ മെഡിക്കൽ സബോർഡിനേറ്റോ ദിവസത്തിലൊരിക്കലെങ്കിലും സന്ദർശിക്കണമെന്നും വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 41.—മരണശിക്ഷയ്ക്ക് വിധിക്കപ്പെട്ട തടവുകാരടെ അതിസൂക്ഷ്മ ദേഹ പരിശോധന എങ്ങനെ നടത്തണമെന്നും അപ്രകാരമുള്ള തടവുകാരുടെ കൈവശമുള്ള അപായകരമായ വസ്തുക്കൾ എടുത്ത് മാറ്റേണ്ടതാണെന്നും അന്തിമമായി നടത്താവുന്ന ശിക്ഷാവിധി പാസ്സാക്കുംവരെ സാധാരണ കുറ്റസ്ഥാപിത തടവുകാരായി കാണേണ്ടതിനും വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 42.—തടവുകാരുടെ സുരക്ഷിത കസ്റ്റഡിയും സുരക്ഷയും ഉറപ്പുവരുത്തുന്നതിനുള്ള ഫലപ്രദമായ നടപടികൾ ഏറ്റെടുക്കുന്നതിന് പ്രിസൺ സൂപ്രണ്ട് ഉത്തരവാദിയായിരിക്കുമെന്ന് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 43.—അപായകരമോ സാഹസികമോ ആയ വിധത്തിൽ അക്രമണ പ്രവണതയോ രക്ഷപ്പെടാനുള്ള പ്രവണതയോ ഉള്ള ഒരു തടവുകാരനെ അയാളുടെ രക്ഷപ്പെടൽ തടയുന്നതിനായി, കോടതിയുടെ അനുമതിയോടെ ഇരുമ്പഴിക്കുള്ളിൽ തടങ്കലിലാക്കുവാൻ സൂപ്രണ്ടിനെ അധികാരപ്പെടുത്തുന്നതിന് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 44.—അടിയന്തിര പരിസ്ഥിതികളിൽ ഏതൊരു തടവുകാരന്റെയും സുരക്ഷ ഉറപ്പുവരുത്തുന്നതിന് കൈവിലങ്ങുകളും കാൽ വിലങ്ങുകളും ഉപയോഗിക്കുന്നതിന് സൂപ്രണ്ടിന് സ്വാതന്ത്ര്യമുണ്ടായിരിക്കുമെന്ന് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചു കൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 45.—അപകടകാരികളായ തടവുകാരുടെയും കരുതൽ തടവുകാരുടെയും സുരക്ഷ ഉറപ്പുവരുത്തുന്നതിനായി അവരെ സെൻട്രൽ പ്രിസണുകളിലെയോ ഉന്നത സുരക്ഷയുള്ള ജയിലുകളിലെയോ പ്രത്യേക സെല്ലുകളിൽ പാർപ്പിക്കേണ്ടതാണെന്നും അവരുടെ സുരക്ഷിതമായ കസ്റ്റഡി ഉറപ്പ് വരുത്തുന്നതിനായി വിജ്ഞാപനം വഴി വിനിർദ്ദേശിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നതിനും വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 46.—ഓരോ തടവുകാരനും ബന്ധുക്കളുമായും അഭിഭാഷകരുമായും കൂടിക്കാഴ്ച്ചയ്ക്കും ആശയവിനിമയത്തിനുമുള്ള സൗകര്യങ്ങൾ ചട്ടങ്ങൾക്ക് വിധേയമായി ഏർപ്പെടുത്തിക്കൊടുക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നതാണ് ഈ ഖണ്ഡം.

ഖണ്ഡം 47.—തടവുകാരെ സന്ദർശിക്കുന്ന എല്ലാ സന്ദർശകരുടെയും പേരും മേൽവിലാസവും പ്രിസണിന്റെ പ്രവേശനകവാടത്തിൽ ഇതിനായി സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണെന്നും എല്ലാ സന്ദർശകരുടെയും ദേഹപരിശോധന നടത്തേണ്ടതാണെന്നും ദേഹപരിശോധന നടത്തുമ്പോൾ പാലിക്കേണ്ട രീതികളും വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 48.—വിദേശതടവുകാർക്ക് സ്വന്തം ചെലവിൽ ഇന്റർനെറ്റ് സൗകര്യങ്ങൾ ചട്ടങ്ങൾക്ക് വിധേയമായി ഉപയോഗിക്കുവാനും ഇന്ത്യയിലെ അവരുടെ നയതന്ത്ര കാര്യാലയങ്ങളുമായി ബന്ധപ്പെടുവാനും അനുവദിക്കുന്നതിനും പ്രിസണിലെ ഏതെങ്കിലും വിദേശ പൗരന്റെ പ്രവേശനത്തെയും മോചനത്തെയും സംബന്ധിച്ചും സാധുവായ യാത്രാരേഖകളില്ലാത്ത പൗരന്മാർ ജയിൽമോചിതരാകുമ്പോഴും ജയിൽ സൂപ്രണ്ട് സ്വീകരിക്കേണ്ട നടപടി വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 49.—വിജ്ഞാപനംവഴി, ഓരോ പ്രിസണിലെയും സന്ദർശകരുടെ പാനൽ വിനിർദ്ദേശിക്കുന്നതിനും സന്ദർശകരുടെ അധികാരങ്ങളും കർത്തവ്യങ്ങളും നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നതിനും ഓരോ സന്ദർശകനും സന്ദർശകർക്കുള്ള പുസ്തകത്തിലെ ഉൾക്കുറിപ്പുകൾ രേഖപ്പെടുത്തേണ്ടതാണെന്നും മറ്റും വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 50.—കഠിനതടവിന് ശിക്ഷിക്കപ്പെട്ടിട്ടുള്ള തടവുകാർക്ക് തൊഴിൽ നൽകുന്നതിനും തൊഴിൽ പരിശീലനം നൽകുന്നതിനും വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 51.—കഠിനതടവിന് ശിക്ഷിക്കപ്പെട്ടിട്ടുള്ള ക്രിമിനൽ തടവുകാർക്ക് തൊഴിൽ സൗകര്യങ്ങൾ നൽകേണ്ടതിനെക്കുറിച്ചും തൊഴിൽ സമയത്തെക്കുറിച്ചും തൊഴിലിൽ നിയോഗിക്കപ്പെട്ടിട്ടുള്ള അവശരായ തടവുകാരുടെ മെഡിക്കൽ പരിശോധന സംബന്ധിച്ചും മെഡിക്കൽ ആഫീസറുടെ അഭിപ്രായമനുസരിച്ച് ഏതെങ്കിലും തൊഴിൽമൂലം ആരോഗ്യപ്രശ്നമുണ്ടാകാവുന്ന തടവുകാരനെ മറ്റ് വിഭാഗങ്ങളിലെ ജോലിയിൽ നിയോഗിക്കുന്നതിനെക്കുറിച്ചും വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 52.—വെറുംതടവിന് ശിക്ഷിക്കപ്പെട്ടിട്ടുള്ള ക്രിമിനൽ തടവുകാർക്ക് അവരുടെ സമ്മതപ്രകാരം തൊഴിൽ നൽകുന്നതിന് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 53.—റിമാൻഡ് ചെയ്യപ്പെട്ട തടവുകാർക്കും വിചാരണ തടവുകാർക്കും നൽകാവുന്ന തൊഴിലിനെക്കുറിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 54.—സിവിൽ തടവുകാർക്ക് തൊഴിൽ നൽകേണ്ടുന്ന തൊഴിൽ സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 55.—വിദഗ്ദ്ധ, അർദ്ധ വിദഗ്ദ്ധ, അവിദഗ്ദ്ധ തടവുകാർക്ക് നൽകേണ്ടതായ കൂലിനിരക്കും തടവുകാർ ആർജ്ജിക്കുന്ന കൂലിയുടെ വിനിയോഗത്തിന്റെ രീതിയും അളവും സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 56.—പ്രിസൺ മെഡിക്കൽ ആഫീസർ രോഗികളായ തടവുകാർക്ക് ആവശ്യമായ ചികിത്സ നൽകേണ്ടതാണെന്നും വിദഗ്ദ്ധ ചികിത്സ ആവശ്യമുള്ളവർക്ക് ആയതിനുള്ള ഏർപ്പാടുകൾ സ്വീകരിച്ച് അപ്രകാരമുള്ള ചികിത്സ നൽകേണ്ടതാണെന്നും വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 57.—വൈദ്യസഹായം ലഭിക്കണമെന്ന് ആഗ്രഹിക്കുന്ന തടവുകാർക്ക് മെഡിക്കൽ ആഫീസറുടേയോ മെഡിക്കൽ സബോർഡിനേറ്റിന്റെയോ സേവനം ലഭ്യമാക്കുന്നതിന് സൂപ്രണ്ട് നടപടി സ്വീകരിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 58.—ഏതൊരു തടവുകാരനെയും സംബന്ധിച്ച് മെഡിക്കൽ ആഫീസറോ മെഡിക്കൽ സബോർഡിനേറ്റോ നൽകുന്ന നിർദ്ദേശങ്ങൾ തടവുകാരന്റെ ഹിസ്റ്ററി ടിക്കറ്റിലോ സർക്കാർ നിർദ്ദേശിക്കുന്ന റിക്കാർഡിലോ രേഖപ്പെടുത്തുന്നതിന് സൂപ്രണ്ടിനെ ചുമതലപ്പെടുത്തുന്നതിനും ആയത് എങ്ങനെ ആയിരിക്കണമെന്നും വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 59.—സെൻട്രൽ പ്രിസണിലും തുറന്ന പ്രിസണിലും രോഗികളായ തടവുകാരെ പ്രവേശിപ്പിക്കുന്നതിനും ചികിത്സയ്ക്കുമായി ഒരു പ്രിസൺ ആശുപത്രിയുണ്ടായിരിക്കേണ്ടതിന് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 60.—മെഡിക്കൽ ആഫീസറുടെ ഉപദേശത്തിന്മേൽ, തടവുകാരനെ പ്രത്യേക ചികിത്സയ്ക്കായി പ്രിസണിനു പുറത്തുള്ള സർക്കാർ ആശുപത്രിയിലേക്കോ മാനസികാരോഗ്യ കേന്ദ്രത്തിലോ അയയ്ക്കുവാൻ സൂപ്രണ്ടിനെ അധികാരപ്പെടുത്തുന്നതിന് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 61.—അർഹതയുള്ള തടവുകാർക്ക് വിദ്യാഭ്യാസം പ്രദാനം ചെയ്യുന്നതിനുള്ള സൗകര്യങ്ങൾ എല്ലാ പ്രിസണുകളിലും ഉണ്ടായിരിക്കേണ്ടതിനും പ്രിസൺ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യങ്ങൾ ഏതൊക്കെയാണെന്നും വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 62.—അന്തേവാസികൾക്ക് പ്രൈമറി തലം വരെയുള്ള വിദ്യാഭ്യാസം നൽകുന്നതിലേക്കായി പ്രിസൺ സ്കൂളുകൾ ഉണ്ടായിരിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 63.—എല്ലാ വനിതാ പ്രിസണുകളിലും ഒരു നഴ്സറി സ്കൂളും ക്രെഷ് സൗകര്യവും ഉണ്ടായിരിക്കേണ്ടതിന് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 72.—സംസ്ഥാന സർക്കാരിന്, ഏതൊരു തടവുകാരനെയും മതിയായ കാരണങ്ങൾ ഉള്ള സംഗതിയിൽ പരോളിൽ വിട്ടയക്കാമെന്ന് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 73.—72-ാം ഖണ്ഡപ്രകാരം പരോളിൽ വിട്ടയച്ച തടവുകാരൻ പരോൾ കാലാവധി തീരുന്ന മുറയ്ക്ക് അയാളെ വിട്ടയച്ച പ്രിസണിന്റെ ചാർജ്ജുള്ള ഉദ്യോഗസ്ഥനു മുമ്പാകെ സ്വയം കീഴടങ്ങാതിരുന്നാൽ അയാളെ, വാറണ്ടില്ലാതെ, ഏത് പോലീസ് ഉദ്യോഗസ്ഥനും അറസ്റ്റുചെയ്യാവുന്നതാണെന്നും വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 74.—73-ാം ഖണ്ഡം (1)-ാം ഉപഖണ്ഡത്തിൽ വ്യവസ്ഥ ചെയ്യുംപ്രകാരം സ്വയം കീഴടങ്ങുന്നതിൽ വീഴ്ചവരുത്തുന്ന തടവുകാർക്കുള്ള ശിക്ഷ എന്തെന്നും ആയത് എങ്ങനെ അനുഭവിക്കണമെന്നും മറ്റും വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 75.—മതിയായ കാരണംകൂടാതെ ഏതെങ്കിലും തടവുകാരൻ പരോളിന് ആധാരമായ ഉപാധികൾ പാലിക്കാതെയിരുന്നാൽ അയാൾക്ക് പരോൾ അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് സർക്കാരിനോ അധികാരസ്ഥാനത്തിനോ റദ്ദാക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നതാണ് ഈ ഖണ്ഡം.

ഖണ്ഡം 76.—നന്നായി പെരുമാറുന്ന, ദീർഘകാലത്തേക്ക് ശിക്ഷിക്കപ്പെട്ടിട്ടുള്ള തടവുകാരെ കാലാവധി തികയുന്നതിനുമുമ്പ് മോചിപ്പിക്കുന്നതിനുള്ള സാഹചര്യം വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 77.—നന്നായി പെരുമാറുന്നവരും അർഹരുമായ ശിക്ഷിക്കപ്പെട്ട തടവുകാർക്ക് അവരുടെ നല്ല പെരുമാറ്റത്തിനും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ നടപടികളോടുള്ള പ്രതികരണത്തിനുമുള്ള പ്രോത്സാഹനമെന്ന നിലയിൽ അവധി അനുവദിക്കുന്നതിനും ആയത് എത്രത്തോളം ആകാമെന്നും ഏത് തരമെന്നും വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 78.—ആവശ്യമായ തരത്തിലുള്ള അവധിക്ക് അർഹതയില്ലാത്ത തടവുകാർക്ക് യാത്രാസമയം ഒഴിവാക്കി ഏറ്റവും കൂടിയത് ഇരുപത്തിനാലു മണിക്കൂർ സമയത്തേക്ക് അകമ്പടിയോടുകൂടി ചട്ടങ്ങൾക്ക് വിധേയമായി ബന്ധുക്കൾ മുതലായവരെ സന്ദർശിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 79.—തടവുകാരുടെ പരാതികൾ പരിഹരിക്കുന്നതിനായി പ്രിസണുകളിൽ ഒരു പരാതി പരിഹാരസമിതി രൂപീകരിക്കുന്നതിനും ആയത് എങ്ങനെ പ്രവർത്തിക്കണമെന്നും മറ്റും വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 80.—ഒരു തടവുകാരൻ ചെയ്യുന്ന ഏതെല്ലാം പ്രവർത്തികൾ പ്രിസൺ കുറ്റങ്ങളായി പ്രഖ്യാപിക്കാവുന്നതാണെന്ന് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 81.—80-ാം വകുപ്പിൽ വിനിർദ്ദേശിച്ചിട്ടുള്ള പ്രിസൺ കുറ്റങ്ങൾക്കുള്ള ശിക്ഷകളെക്കുറിച്ച് വ്യവസ്ഥ ചെയ്യുന്നതാണ് ഈ ഖണ്ഡം.

104/2010.

ഖണ്ഡം 82.—80-ാം വകുപ്പിൽ നിർവ്വചിച്ചിട്ടുള്ള കുറ്റകൃത്യങ്ങൾക്ക് തടവുകാരന് ശിക്ഷ നൽകുന്നതിനുമുമ്പ് പാലിക്കേണ്ട നടപടിക്രമത്തെക്കുറിച്ചു വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 83.—ഒരു തടവുകാരൻ ജയിൽ അച്ചടക്കത്തിനെതിരെയുള്ള ഏതെങ്കിലും കുറ്റത്തിന് അപരാധി ആവുകയാണെങ്കിൽ, അയാൾ അത്തരം കുറ്റങ്ങൾ നിരന്തരമായി ചെയ്യുന്നു എന്ന കാരണത്താലോ, മറ്റ് വിധത്തിലോ ഈ ആക്റ്റ്പ്രകാരം സൂപ്രണ്ടിന് നൽകാൻ അധികാരമുള്ള ശിക്ഷ നൽകി മതിയായി ശിക്ഷിക്കാൻ കഴിയില്ലെന്ന് സൂപ്രണ്ടിന് അഭിപ്രായമുള്ള പക്ഷം, ആ തടവുകാരനെതിരെ സൂപ്രണ്ടിന് ചീഫ് ജൂഡിഷ്യൽ മജിസ്ട്രേറ്റിനോ അധികാരിതയുള്ള ഏതെങ്കിലും ജൂഡിഷ്യൽ മജിസ്ട്രേറ്റിനോ റിപ്പോർട്ട് അയയ്ക്കാവുന്നതാണെന്നും കുറ്റസ്ഥാപനത്തിൻമേൽ അയാൾക്ക് മൂന്ന് വർഷം വരെ ആകാവുന്ന തടവ് ശിക്ഷ നൽകാവുന്നതാണെന്നും വ്യവസ്ഥ ചെയ്യുന്നതിനും ആയത് എങ്ങനെ പരിഗണിക്കണമെന്നും ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 84.—20-ാം ഖണ്ഡത്തിൽ പ്രതിപാദിച്ചിട്ടുള്ള ശിക്ഷാ പുസ്തകത്തിൽ രേഖപ്പെടുത്തേണ്ട സംഗതികളെക്കുറിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 85.—ഈ ആക്ടിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി നിരോധിത വസ്തുക്കൾ പ്രിസണിനകത്തേക്കോ പുറത്തേക്കോ കൊണ്ടുപോകുന്നതും വരുന്നതും, പ്രിസണിനു പുറത്ത് ഏതെങ്കിലും തടവുകാരന് വിതരണം ചെയ്യുന്നതും, ഏതെങ്കിലും ചട്ടത്തിനു വിരുദ്ധമായി ഏതെങ്കിലും നിരോധിതവസ്തു പ്രിസണിലേക്ക് കൊണ്ടുവരുന്നതിനോ പ്രിസണിനു പുറത്തേക്കു കൊണ്ടുപോകുന്നതിനോ പ്രിസണിനു പുറത്ത് ഏതെങ്കിലും തടവുകാരന് വിതരണം ചെയ്യുന്നതിനോ ഏതെങ്കിലും തടവുകാരൻ കൈവശം വെയ്ക്കുന്നതിനോ പ്രിസണിലെ ഏതെങ്കിലും ഉദ്യോഗസ്ഥനോ ജീവനക്കാരിലെ അംഗമോ അറിഞ്ഞുകൊണ്ട് അനുവദിക്കുന്നതും ഏതെങ്കിലും തടവുകാരനുമായി ആശയവിനിമയം നടത്തുകയോ അതിനു ശ്രമിക്കുകയോ ചെയ്യുന്നതും ഈ ഖണ്ഡം പ്രകാരം ശിക്ഷാർഹമായ ഏതെങ്കിലും കുറ്റം ചെയ്യുന്നതിനു പ്രേരിപ്പിക്കുകയും ചെയ്യുന്നതിനുള്ള ശിക്ഷ വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് 85-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം. ഒരു തടവുകാരനോ സന്ദർശകനോ അല്ലെങ്കിൽ പ്രിസൺ ഉദ്യോഗസ്ഥനോ ഈ ആക്റ്റിലെയോ ചട്ടങ്ങളിലെയോ വ്യവസ്ഥകൾക്ക് എതിരായി ഒരു ഇലക്ട്രോണിക് ആശയ വിനിമയ ഉപകരണമോ മറ്റ് ഉപകരണമോ പ്രിസണിനകത്ത് കൈവശം വെയ്ക്കുന്നതായോ അല്ലെങ്കിൽ ഇലക്ട്രോണിക് ആയതോ അല്ലാത്തതോ ആയ ഏതെങ്കിലും ഉപകരണത്തിൽ കേടുവരുത്തുന്നതായോ കൃത്രിമ പണി ചെയ്യുന്നതായോ കണ്ടെത്തിയാലുള്ള ശിക്ഷ വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡത്തിന്റെ (2)-ാം ഉപഖണ്ഡം (1)-ഉം (2)-ഉം ഉപഖണ്ഡങ്ങളിൽ പ്രസ്താവിച്ചിട്ടുള്ള കുറ്റങ്ങൾ കൊഗ്നൈസബിളും ജാമ്യം അനുവദിക്കേണ്ടതല്ലാത്തതുമാണെന്ന് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് പ്രസ്തുത ഖണ്ഡത്തിന്റെ (3)-ാം ഉപഖണ്ഡം.

ഖണ്ഡം 86.—85-ാം ഖണ്ഡത്തിൽ വിനിർദ്ദേശിച്ചിട്ടുള്ള പ്രകാരമുള്ള ഏതെങ്കിലും കുറ്റം ചെയ്യുന്നയാളെ ഏത് പ്രിസൺ ഉദ്യോഗസ്ഥനും അറസ്റ്റുചെയ്യാവുന്നതാണെന്ന് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതുമാണ് ഈ ഖണ്ഡം.

ഖണ്ഡം 87.—80-ാം ഖണ്ഡപ്രകാരം നിരോധിക്കപ്പെട്ട കൃത്യങ്ങളും അവയ്ക്ക് ചുമത്താവുന്ന ശിക്ഷകളും പ്രദർശിപ്പിച്ചുകൊണ്ട് മലയാളത്തിലും ഇംഗ്ലീഷിലുമുള്ള നോട്ടീസ് പ്രിസണിനു പുറത്ത് വ്യക്തമായി കാണത്തക്കസ്ഥലത്ത് ഒട്ടിച്ചിരിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 88.—പ്രിസണിനകത്ത് സമരം നടത്തുന്നതിനോ പ്രക്ഷോഭം ആരംഭിക്കുന്നതിനോ പ്രിസണിൽ ജോലി ചെയ്യുന്ന ഒരാളിനും അവകാശമുണ്ടായിരിക്കുന്നതല്ല എന്ന് വ്യവസ്ഥചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 89.—ഒരു തടവുകാരനെ, നിയമാനുസരണം തടങ്കലിൽ വെയ്ക്കാവുന്ന പ്രിസണിലേക്കോ പ്രിസണിൽ നിന്നുമോ കൊണ്ടുപോകുമ്പോഴോ പ്രിസണിനു പുറത്തു ജോലി ചെയ്യുമ്പോഴോ അല്ലെങ്കിൽ നിയമപ്രകാരമുള്ള ഏതെങ്കിലും പ്രിസണിന്റെയോ പ്രിസൺ ഓഫീസറുടെ നിയന്ത്രണത്തിനു പുറത്തു പ്രവൃത്തി ചെയ്യുമ്പോഴോ എല്ലാം അയാൾ അങ്ങനെയുള്ള പ്രിസണിലാണെന്നു കരുതപ്പെടേണ്ടതും യഥാർത്ഥത്തിൽ പ്രസ്തുത പ്രിസണിലായിരുന്നുവെന്നപോലെ പ്രിസണിലെ എല്ലാ ചട്ടങ്ങൾക്കും അച്ചടക്കങ്ങൾക്കും വിധേയമാക്കേണ്ടതുമാണെന്ന് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 90.—പ്രിസണിൽ ഒരു വർഷത്തിലധികമായി തടവിൽ വെച്ചിരിക്കുന്ന വിചാരണത്തടവുകാരുടെ കേസുകളും നിയമപ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ള പരാമവധി ശിക്ഷയുടെ പകുതിയിലധികം കാലം തടവിൽ കഴിഞ്ഞവരുടേതുമായ കേസുകൾ ഓരോ ജില്ലയിലും ജില്ലയുടെ അധികാരിതയുള്ള ഡിസ്ട്രിക്ട് ആന്റ് സെഷൻസ് ജഡ്ജി ചെയർമാനായുള്ള ഒരു സമിതിയെകൊണ്ട് പുനഃപരിശോധന നടത്താൻ സർക്കാർ ഇടയാക്കേണ്ടതാണെന്നും പ്രസ്തുത സമിതിയുടെ യോഗങ്ങളും കർത്തവ്യങ്ങളെയും സംബന്ധിച്ചും വിചാരണത്തടവുകാരനെ റിമാൻഡ് ചെയ്യുന്ന മജിസ്ട്രേറ്റും തടങ്കലിലോ റിമാൻഡിലോ പാർപ്പിക്കുന്ന പ്രിസണിലെ സൂപ്രണ്ടും ഉറപ്പാക്കേണ്ട സംഗതികളെക്കുറിച്ചും പ്രസ്തുത മജിസ്ട്രേറ്റിനും സൂപ്രണ്ടിനും ലഭിക്കാവുന്ന നിയമ പരിരക്ഷയെക്കുറിച്ചും വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 91.—പ്രിസണിനകത്തെ ലഹളയുമായി ബന്ധപ്പെട്ട ഏതെങ്കിലും സംഭവം നിയന്ത്രിക്കുന്നതിനായും രക്ഷപ്പെടുകയോ രക്ഷപ്പെടാൻ ശ്രമിക്കുകയോ പ്രിസണിലെ ഏതെങ്കിലും ഉദ്യോഗസ്ഥർക്കോ മറ്റേതെങ്കിലും ആളിനോ എതിരെ ആക്രമണം നടത്തുകയോ ചെയ്യുന്ന ഏതൊരു തടവുകാരനുമെതിരെയും സെല്ലിലോ ബാരക്കിലോ ലോക്കപ്പ് ചെയ്യുന്നതിനുവേണ്ടി പ്രവേശിക്കാൻ വിസമ്മതിക്കുന്ന ഏതൊരു തടവുകാരനുമെതിരെയും പ്രിസണിലെ ഏതൊരു ഉദ്യോഗസ്ഥനും ആവശ്യമായ ഏറ്റവും കുറഞ്ഞ ബലം പ്രയോഗിക്കാവുന്നതാണെന്ന് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 92.—തടവുകാർക്ക് സൗജന്യനിയമ സഹായം നൽകുവാൻ വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

ഖണ്ഡം 93.—സുരക്ഷാ കസ്റ്റഡിയിൽ സൂക്ഷിക്കാനർഹതയുള്ള യാതൊരാളെയും പ്രിസണിൽ പാർപ്പിക്കുവാൻ പാടുള്ളതല്ലായെന്ന് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

